**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2386** **21-01-2021 - ൽ മറുപടിയ്ക്ക്**

**കടലാസ്സുരഹിത ട്രഷറി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. ജോർജ് | | Dr. T. M. Thomas Isaac<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
| (എ) | ട്രഷറി കൂടുതൽ ജനകീയമാക്കുന്നതിന് എ.റ്റി.എം, സി.ഡി.എം, സംവിധാനങ്ങൾ കൊണ്ടുവരുന്ന പ്രവർത്തനം ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ; | (എ) | സംസ്ഥാനത്തെ ട്രഷറികളിൽ എ.റ്റി.എം, സി.ഡി.എം സൗകര്യം നടപ്പിലാക്കിയിട്ടില്ല. ബാങ്കുകൾക്ക് ഇതിനായി ട്രഷറി വകുപ്പുമായി സഹകരിക്കുന്നതിന് റിസർവ്വ് ബാങ്കിന്റെ അനുമതി ആവശ്യമാണ്. എന്നാൽ ഈ പദ്ധതിയ്ക്ക് റിസർവ്വ് ബാങ്കിന്റെ അനുമതി ഇതുവരെ ലഭിച്ചിട്ടില്ല. ഈ സംവിധാനം സാധ്യമാക്കുന്നതിനുള്ള നടപടികൾ തുടരുന്നതാണ്. |
| (ബി) | കടലാസ്സുരഹിത ട്രഷറി ഈപാടുകൾ നടത്താനുള്ള സർക്കാരിന്റെ പുതിയ പദ്ധതിയുടെ ഇപ്പോഴത്തെ പുരോഗതി എന്താണെന്ന് വിശദമാക്കാമോ? | (ബി) | സംസ്ഥാനത്തെ ട്രഷറികൾ കടലാസുരഹിതമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. സർക്കാരിന്റെ വരവുകൾ ഇപ്പോൾ തന്നെ ഇ-ട്രഷറി വഴി സ്വീകരിച്ചു വരുന്നു. ട്രഷറി ബില്ലുകൾ കടലാസ് രഹിതമാക്കുന്നതിന്റെ ഭാഗമായി 04.10.2019 ലെ സ.ഉ (പി) നം. 135/2019/ധന, 27.03.2020 ലെ സ.ഉ (പി) നം. 96/2020/ധന, 15.08.2020 ലെ സ.ഉ (പി) നം. 106/2020/ധന, 31.12.2020 ലെ സ.ഉ (പി) നം. 168/2020/ധന എന്നീ ഉത്തരവുകൾ പ്രകാരം ആകെ 98 വകുപ്പുകളുടെ മാസ ബില്ലുകൾ കടലാസുരഹിതമാക്കിയിട്ടുണ്ട്. അടുത്ത സാമ്പത്തിക വർഷത്തോടുകൂടി മുഴുവൻ ട്രഷറി ഇടപാടുകളും കടലാസുരഹിതമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ